# പതിനാലാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.296 — 27.02.2017 ൽ മറുപടിയ്ക്ക്

### ഹീമോഫീലിയ രോഗ ചികിത്സാ സൗകര്യങ്ങൾ

| | ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഹീമോഫീലിയ രോഗ ചികിത്സക്കുള്ളസൗകര്യങ്ങൾ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽപ്പോലും ലഭ്യമാവുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ)യും ബി)യും | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ ഹീമോഫീലിയ രോഗികൾക്ക് ആവശ്യമായ എല്ലാ ചികിത്സയും നൽകുന്നുണ്ട്. രക്തസ്രാവമുള്ള രോഗികൾക്ക് ഫാക്ടർ-8 നൽകുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ഹീമോഫീലിയ രോഗ ബാധിതരിൽ കാരുണ്യ ബെനവലന്റ് സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 1250 രോഗികൾക്ക് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി വഴി സൗജന്യമായി ഹീമോഫീലിയ രോഗത്തിനുള്ള മരുന്നുകൾ ലഭ്യമാക്കി വിതരണം ചെയ്യുന്നുണ്ട്.<br>2017-18 സാമ്പത്തിക വർഷത്തിൽ അവശ്യമരുന്നു പട്ടികയിൽപെടുത്തി ടി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മേൽ നോട്ടത്തിൽ ഏകോപിപ്പിച്ചു വരുന്നു. |
| ബി) | എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| സി) | പ്രസ്തുത രോഗബാധിതർ എത്രപേരുണ്ടെന്നതിന്റെ കണക്ക് ശേഖരിച്ചിട്ടുണ്ടോ;എങ്കിൽ വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ വിവരശേഖരണം നടത്തുമോയെന്ന് അറിയിക്കാമോ; | സി) | സംസ്ഥാനത്തെ ഹീമോഫീലിയ രോഗ ബാധിതരിൽ 1250 പേർ കാരുണ്യ ബെനവലന്റ് സ്കീമിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരോഗ്യ വകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ 2014 ഫെബ്രുവരി മുതൽ 2017 ഫെബ്രുവരി വരെ ആലുവ ജില്ലാ ആശുപത്രിയിൽ 730 പേരും കണ്ണൂർ ജില്ലാ ആശുപത്രിയിൽ 100 പേരും ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ 130 പേരും ചികിത്സ തേടിയിട്ടുണ്ട്. |
| ഡി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഈ രോഗം മൂലം എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | ഡി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈ രോഗം മൂലം 9 പേർ മരണമടഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ